**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4516** **29-10-2021 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗകോർപ്പറേഷന്റെ ആസ്ഥാന മന്ദിര നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പിന്നാക്ക വിഭാഗകോർപ്പറേഷന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (എ) | പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി കടകംപള്ളി വില്ലേജിലെ സർവ്വേ നമ്പർ 2623-ൽ പ്പെടുന്ന 80.50 സെന്റ് സ്ഥലം കമ്പോള വിലയുടെ 10% ഈടാക്കി പതിച്ച് നൽകിയിരുന്നു. ടി സ്ഥലം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന് വേണ്ടി ഏറ്റെടുക്കുകയുണ്ടായി. അതിന് പകരമായി വഞ്ചിയൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 8-ൽ റീസർവ്വേ നമ്പർ 53 -ൽ (പഴയ സർവ്വേ നം. 200) പ്പെടുന്ന 10.29 ആർ. വസ്തു പിന്നാക്ക വിഭാഗ കോർപ്പറേഷന് പതിച്ച് നൽകുന്നതിന് വേണ്ടി ലാന്റ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് നിലവിൽ റവന്യൂ വകുപ്പ് പരിശോധിച്ചു വരികയാണ്. (File No. U4/33/2021/RD). |
| (ബി) | എല്ലാ ജില്ലകളിലും പിന്നാക്കക്ഷേമ വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഇല്ല. കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലാണ് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകൾ നിലവിലുള്ളത്. എല്ലാ ജില്ലകളിലും ജില്ലാ ആസ്ഥാന ഓഫീസുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഓഫീസുകൾ മുഖാന്തരം നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കുന്നതിന് സാധ്യത പരിശോധിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. ജില്ലാ തലത്തിൽ മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ. 2. പ്രധാനപ്പെട്ട സർവ്വകലാശാലകളോടനുബന്ധിച്ച് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ. 3. മേഖലാ തലത്തിൽ അഡ്വാൻസ്ഡ് സ്കിൽ ട്രെയിനിംഗ് സെന്ററുകൾ. 4. ഒ.ബി.സി. വിഭാഗങ്ങൾക്ക് സി.പി.എൽ (കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ്) അടക്കമുള്ള കൂടുതൽ |

| | | | |
|---|---|---|---|
| | | | തൊഴിൽ സാധ്യതയുള്ള കോഴ്സുകളിൽ ഉയർന്ന നിരക്കിലുള്ള പ്രത്യേക സ്കോളർഷിപ്പ്. 5. പരമ്പരാഗത നെയ്ത്ത് സമൂഹങ്ങൾക്ക് ആധുനികവൽക്കരിച്ച നെയ്ത്ത് കേന്ദ്രങ്ങൾ. 6. ശ്രീനാരായണ ഗുരുവിന്റെ പേരിൽ വിജ്ഞാന കേന്ദ്രങ്ങൾ - സാമൂഹ്യ സംഘടനകൾക്ക് ഗ്രന്ഥശാലകളും ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള വിജ്ഞാന കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള ഗ്രാന്റ്. 7. ഏക വരുമാനദായകനായ രക്ഷിതാവ് മരണപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠനത്തിനായി സ്മാർട്ട് ഫോൺ, ലാപ്ടോപ് തുടങ്ങിയ ഡിജിറ്റൽ ഉപകരണങ്ങൾ അനുവദിക്കുന്ന പദ്ധതി. 8. ചെറുകിട കച്ചവടക്കാർക്ക് ഷോപ്പ് നവീകരിക്കുന്നതിന് 1 ലക്ഷം രൂപ വരെ ഗ്രാന്റ്. 9. തെരുവ് കച്ചവടക്കാരുടെ പുനരധിവാസ പദ്ധതി. 10. ഓൺലൈൻ / മൊബൈൽ സപ്പോർട്ട് ഫോർ ഒ.ബി.സി. സ്റ്റുഡൻസ്. 11. ഫിനിഷിംഗ് സ്കൂൾസ്- എഞ്ചിനീയറിംഗ് മറ്റ് സാങ്കേതിക കോഴ്സുകൾ കഴിഞ്ഞവർക്ക് പരമാവധി 5 മാസം വരെ പരിശീലനം, ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം. 12. ബി.പി.എൽ കുടുംബങ്ങളിൽപ്പെട്ട യുവതികൾക്ക് വിവാഹ ധനസഹായം. 13. നിർദ്ധനരായ പിന്നാക്ക വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായം. 14. ബാങ്ക് ലിങ്ക്ഡ് സ്വയംതൊഴിൽ വായ്പാ സബ്സിഡി. 15. സ്വാശ്രയ മെഡിക്കൽ / മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന മാതാപിതാക്കൾ നഷ്ടപ്പെട്ടവരോ മാതാവോ പിതാവോ നഷ്ടപ്പെട്ടവരുടെ പെൺകുട്ടികൾക്ക് നവോത്ഥാന സ്കോളർഷിപ്പ്. 16. പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ കാലികമായ വെല്ലുവിളികൾ നേരിടാൻ പ്രാപ്തിയുള്ള വിജ്ഞാന സമൂഹമായി രൂപപ്പെടുത്തുന്നതിന് സ്വതന്ത്ര വൈജ്ഞാനിക സോഫ്റ്റ് വെയർ തയ്യാറാക്കി കുറഞ്ഞ ചെലവിൽ ലഭ്യമാക്കൽ. |

സെക്ഷൻ ഓഫീസർ